⇨ ഈ കടമ നിറവേറ്റുന്നതിനായാണ് കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി സുപ്രീംകോടതിയെ സമീപിച്ചത് ⇨

തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ എല്ലാ സിനിമകൾക്കും മുന്നേ ദേശീയഗാനം ആലപിക്കണം എന്നതിലെ യുക്തിരാഹിത്യം ചൂണ്ടിക്കാണിച്ചുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ച കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റിയുടെ നിലപാട് ഏറെ പ്രതിഷേധങ്ങൾക്ക് വഴിവയ്ക്കുകയുണ്ടായി. എന്താണ് ഫിലിം സൊസൈറ്റിയുടെ നിലപാട്?

# എന്തുകൊണ്ട് ദേശീയഗാന കേസിൽ കക്ഷിചേർന്നു?

**കൊടുങ്ങല്ലൂർ** ഫിലീം സൊസൈറ്റി ദേശദ്രോഹികളുടെതും ദേശീയ ഗാനത്തെ വെറുക്കുന്നവരുടെതുമാണന്ന കുപ്രചരണങ്ങൾ അഴിച്ചുവിടപ്പെടുന്നതു കൊണ്ടാണ് ഈ വിശദീകരണം. ദേശീയഗാനവുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ത്യയിൽ നിലവിലുള്ള നിയമം The Prevention of Insults to National Honor Act, 1971 ആണ്. ഈ നിയമത്തിലെ മൂന്നാം വകുപ്പുപ്രകാരം ഏതെങ്കിലും വ്യക്തി ദേശീയഗാനം ആലപിക്കുന്നതിനു തടസം സൃഷ്ടിക്കുകയോ ശല്യംചെയ്യുകയോ ചെയ്താൽ മൂന്ന് വർഷംവരെ തടവു ശിക്ഷ ലഭിക്കുന്നതാണ്. ബഹു. സുപ്രീംകോടതിയുടെ നവംബർ 30ന്റെ ഇടക്കാല ഉത്തരവ് പ്രകാരം സിനിമാഹാളിൽ ദേശീയഗാനം പ്രദർശിപ്പിക്കുമ്പോൾ ഏഴുന്നേറ്റുനിൽക്കാത്തവരെ ശിക്ഷിക്കാൻ ഈ വകുപ്പുമൂലം കഴിയില്ല. കാരണം തിയറ്ററിൽ ദേശീയ ഗാനം ആലപിക്കുമ്പോൾ തടസമോ ശല്യമോ അവരുണ്ടാക്കുന്നില്ല. ഇന്ത്യൻ പീനൽ കോഡിലെ 188 വകുപ്പുപ്രകാരം Disobedience to order duly promulgated by public servant.-Whoever, knowing that, by an order promulgated by a public servant lawfully empowered to promulgate such order, he is directed to abstain from a certain act, or to take certain order with certain property in his possession or under his management, disobeys such direction, shall, if such disobedience causes or tends to cause obstruction, annoyance or injury, or risk of obstruction, annoyance or injury, to any person lawfully employed, be punished with simple imprisonment for a term which may extend to one month or with fine which may extend to two hundred rupees, or with both. കേസ് ഏടുത്ത് ജാമ്യത്തിൽ വിടുകമാത്രമാണ് ഈ വകുപ്പു പ്രകാരം പോലീസിനു കഴിയുക. ഈ വകുപ്പ് പ്രകാരം ദേശീയഗാനം ആലപിക്കുമ്പോൾ ഒരാൾ ഏഴുന്നേറ്റുനിന്നില്ലെങ്കിൽ അയാൾ സമൂഹത്തിനു തടസമോ ശല്യമോ ബുദ്ധിമുട്ടോ ഉണ്ടാക്കിയെന്നു തെളിയിക്കേണ്ടതുമുണ്ട്. ശിക്ഷയാകട്ടെ വളരെ ചെറുതുമാണ്. മാത്രവുമല്ല, ഇങ്ങനെ കേസ് ഏടുക്കപ്പെട്ട വ്യക്തിക്ക് ബഹു.സുപ്രീംകോടതി യുടെ ചീഫ് ജസ്റ്റിസ് അടക്കമുള്ള മൂന്നംഗ ബഞ്ച് വിധിയായ Karan Johar v. Union of India കേസിലെ 'The appeals were allowed noticing that in view of the instructions issued by the Government of India, the National Anthem which is exhibited in the course of exhibition of newsreel or documentary or in a film, the audience is not expected to stand as the same interrupts the exhibition of the film and would create disorder and confusion, rather than add to the dignity of the National Anthem' - പരമോന്നതകോടതി വിധി ഇപ്പോൾ ഉണ്ടായ രണ്ടംഗബഞ്ചിന്റെ ഇടക്കാല ഉത്തരവിനോടൊപ്പം പ്രസക്തവുമാണ്.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളുടെ പശ്ചാത്തലത്തിൽ, സുപ്രീംകോടതിയുടെ തിയറ്ററുകളിൽ ദേശീയഗാനം നിർബന്ധമാക്കുന്ന പുതിയ ഉത്തരവ്, പ്രയോഗത്തിൽ നോബൽ സമ്മാനജേതാവും വിശ്വപൗരനുമായ ടാഗോർ ഏഴുതിയ നമ്മുടെ ദേശിയഗാനം അപഹാസ്യമായിപോകുമോയെന്നും സിനിമാ തിയറ്ററുകളിൽ ഇപ്പോൾ ഉണ്ടായികൊണ്ടിരിക്കുന്നതു പോലുള്ള നിർഭാഗ്യകരമായ സംഭവ വികാസങ്ങൾ സൃഷ്ടിക്കപ്പെടുവാൻ സാധ്യതയുണ്ടാകാമെന്നും ഞങ്ങൾ മുൻകൂട്ടി വിലയിരുത്തിയിരുന്നു.

ഇത് സുപ്രീംകോടതിയുടെ മുൻപാകെ തന്നെ അവതരിപ്പിക്കുകയെന്നതാണ് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പ്രാഥമിക കടമ. ഈ കടമ നിറവേറ്റുന്നതിനായാണ് കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി സുപ്രീംകോടതിയെ സമീപിച്ചത്. കൂടാതെ താഴെപറയുന്ന കാര്യങ്ങൾകൂടി സുപ്രീംകോടതിയെ ധരിപ്പിച്ചു. ദേശീയഗാനം ഉൾപ്പെടുന്നഭാഗം ഭരണഘടനയുടെ മൗലികകടമകളിലാണ് വരിക. അതിന്റെ ലംഘനമോ പരിപാലനമോ സുപ്രീംകോടതിയിൽ ഹർജിവഴി ചോദ്യം ചെയ്യാൻ സാധ്യമല്ല. മൗലികകടമകളുടെ പ്രയോഗവൽക്കരണം നിയമനിർമ്മാണസഭയുടെ അധികാരമാണ്. 11.3.2016 ൽ കേന്ദ്ര സർക്കാരിന്റെ ആഭ്യന്തരവകുപ്പ് ദേശീയഗാനത്തിന്റെ 20 സെക്കന്റ് വരുന്ന വെർഷൻ ഉപയോഗിക്കാമെന്ന് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. മൗലികകടമകൾ ഇന്ത്യൻ പൗരനുമാത്രമാണ് ബാധകം. വിദേശികൾക്ക് ബാധകമല്ല. അതുകൊണ്ട് ഫിലിം ഫെസ്റ്റിവൽ പോലുള്ള ഇടങ്ങളിൽ 10 ശതമാനം വിദേശികളാണ് ഡെലിഗേറ്റുകൾ. ഇവരെ ദേശിയഗാന സമയത്ത് ഏഴുന്നേറ്റുനിൽക്കാത്തതിനു ശിക്ഷിക്കാൻ സാധ്യമല്ല. തിയറ്റർ അടച്ചുപൂട്ടരുതെന്ന ഉപഹാർ കേസിലെ സുപ്രീംകോടതി വിധിലംഘനമാകും ദേശീയഗാനസമയത്തെ വാതിലുകൾ ലോക്ക് ചെയ്യണമെന്ന ഉത്തരവ്. എണീറ്റുനിൽകാൻ സാധിക്കാത്ത വികലാംഗരെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവ് വലിയ ബുദ്ധിമുട്ടുണ്ടാക്കും.

സുപ്രീംകോടതിയിലെ പ്രമുഖ അഡ്വ. പി.വി. ദിനേശ് മുഖേന സമർപ്പിച്ച ഹർജി കേട്ട കോടതി, കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റിയെ നിലവിലുള്ള കേസിൽ കക്ഷിചേർത്തു. കൂടാതെ വികലാംഗർക്ക് അനുകൂലമായും തിയറ്റർ വാതിലുകൾ ലോക്ക് ചെയ്യേണ്ടതില്ലായെന്നും പഴയ ഉത്തരവിനെ തിരുത്തി പുതിയ ഇടക്കാല ഉത്തരവിറക്കി. കേസിന്റെ നിയമവശങ്ങൾ ഫെബ്രുവരി 14ന് വിശദമായികേൾക്കാമെന്ന് തീരുമാനിച്ചു. സത്യാവസ്ഥ ഇതായിരിക്കെ, കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റിയെ ദേശീയഗാനവിരുദ്ധരും രാജ്യദ്രോഹികളുമായി ചിത്രീകരിക്കാൻ ശ്രമിക്കുന്നവർ, സമൂഹത്തിന്റെ ജനാധിപത്യ മതേതര പാരമ്പര്യത്തിന്റെ കടക്കൽ കത്തിവയ്ക്കാൻ ശ്രമിക്കുകയാണ്. അഭിപ്രായവ്യത്യാസങ്ങളെ ആശയ രൂപത്തിൽ കോടതി അടക്കമുള്ള സ്ഥാപനങ്ങളിലൂടെ നേരിടുകയാണ് ജനാധിപത്യരീതി. വ്യത്യസ്ഥതകൾക്കും ബഹുസ്വരതക്കും നമ്മുടെ സമൂഹത്തിൽ ഇടമുണ്ടെന്ന് സമൂഹത്തെ പഠിപ്പിക്കുകയാണ് കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റിയുടെ സാംസ്ക്കാരിക പ്രവർത്തനത്തിന്റെ മുഖ്യകടമ.

**– കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി**